കേരള സർക്കാർ

<u>സംഗ്രഹം</u>

കായികയുവജനകാര്യ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് **'റൺ കേരള റൺ'** സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**കായികയുവജനകാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.49/14/കാ.യു.വ. തീയതി, തിരുവനന്തപുരം. 08.12.2014**

===================================================================

**<u>ഉത്തരവ്</u>**

35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്തെ വിവിധവേദികളിൽ വച്ച് നടക്കുകയാണ്. 28 വർഷത്തിന് ശേഷം സംസ്ഥാനം ദേശീയ ഗെയിംസിന് ആതിഥ്യം വഹിക്കുന്ന സാഹചര്യത്തിൽ 35-ാമത് ദേശീയ ഗെയിംസിനെ ലോക ശ്രദ്ധയാകർഷിക്കുന്ന വിധം ആകർഷകമാക്കുന്നതിനായി പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കൂട്ടയോട്ടം സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ക്രിക്കറ്റ് ഇതിഹാസം **സച്ചിൻ തെണ്ടുൽക്കർ,** സംസ്ഥാന മുഖ്യമന്ത്രി, മന്ത്രിമാർ, കായികതാരങ്ങൾ, സിനിമാതാരങ്ങൾ, സാംസ്കാരികനായകർ, രാഷ്ട്രീയനേതാക്കൾ, വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, സ്പോർട്സ് ക്ലബ്ബുകൾ, ബിസിനസ് ഗ്രൂപ്പുകൾ, വിവിധ സംഘടനകൾ തുടങ്ങിയവരുടെ പ്രാതിനിധ്യം സംസ്ഥാനമൊട്ടാകെ ഒരേ മനസ്സിൽ ഓടുന്ന പ്രതീതി സൃഷ്ടിക്കുന്നതാണ്. കേരളം സംയുക്തമായി ദേശീയ ഗെയിംസിനെ വരവേല്ക്കുന്നതിലൂടെ കായികതാത്പര്യത്തിലുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുവാൻ കഴിയും.

പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ 7000-ലധികം കേന്ദ്രങ്ങളിലായി 200 മീറ്റർ മുതൽ ഒരു കിലോമീറ്റർ വരെ ദൂരം ഒരേ സമയം നടക്കുന്ന കൂട്ടയോട്ടത്തിന്റെ സംഘാടനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 01.12.2014-ൽ, ചേർന്ന ഉന്നതതലയോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ **'റൺ കേരള റൺ'** സംഘടിപ്പിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ദേശീയ ഗെയിംസിന്റെ ബ്രാൻഡ് അംബാസഡറായ **സച്ചിൻ തെണ്ടുൽക്കറു**ടെ കൂടി സൗകര്യം കണക്കിലെടുത്ത് 2015 ജനുവരി 20-നും 22-നും ഇടയിൽ ആയിരിക്കും കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

2. **'റൺ കേരള റൺ'** വൈകുന്നേരം മൂന്ന് മണിക്ക് ആരംഭിച്ച് നാലു മണിക്ക് അവസാനിക്കും വിധം സംഘടിപ്പിക്കേണ്ടതാണ്.

3. സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും പരിപാടി സംഘടിപ്പിക്കേണ്ടത്. ജില്ലാ തലസ്ഥാനങ്ങളിലും മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളിലും വർദ്ധിച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ പരിപാടി ക്രമീകരിക്കേണ്ടതാണ്.

4. ഒരു പഞ്ചായത്തിൽ 7-ൽ കുറയാതെയുള്ള കേന്ദ്രങ്ങളിലും മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിൽ ഓരോ വാർഡിലും ഓരോ കേന്ദ്രങ്ങളിലും ആയി 7000-ത്തിലധികം കേന്ദ്രങ്ങളിൽ പരിപാടി സംഘടിപ്പിക്കേണ്ടതാണ്.

5. മന്ത്രിമാർ, എം.പി-മാർ, എം.എൽ.എമാർ, രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക നായകർ, എല്ലാ സർക്കാർ/എയ്ഡഡ്/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, നോൺ ഗവൺമെന്റ് ഏജൻസികൾ, യൂത്ത്/ആർട്സ്/ സ്പോർടസ് ക്ലബ്ബുകൾ, കലാകാരന്മാർ, വനസംരക്ഷണ സമിതികൾ എന്നിങ്ങനെ എല്ലാ മേഖലയിലും ഉള്ളവരുടെ പ്രാതിനിധ്യം പരിപാടിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

6. പരിപാടിയുടെ ഏകീകൃത തീം സോംഗ്, മുദ്രാവാക്യം, പ്രതിജ്ഞ എന്നിവ CD -യിൽ തയ്യാറാക്കി എല്ലാ വേദികളിലും എത്തിക്കുന്നതിനുള്ള നടപടി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് സ്വീകരിക്കേണ്ടതാണ്. പരിപാടി തുടങ്ങുന്നതിന് മുമ്പ് പ്രസ്തുത സോംഗ് ആലപിക്കുകയും പ്രതിജ്ഞയെടുക്കുകയും ഓടുമ്പോൾ മുദ്രാവാക്യം മുഴക്കുകയും ചെയ്യേണ്ടതാണ്.

7. ഓരോ വേദിയിലും 35-ാമത് നാഷണൽ ഗെയിംസിന്റെ പ്രതീകമായി ഒന്നിൽ കുറയാതെ വൃക്ഷത്തൈ നട്ടുപിടിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ വൃക്ഷത്തൈകൾ വേദിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ വനംവകുപ്പ് സ്വീകരിക്കേണ്ടതാണ്.

8. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി ചുമതല നൽകപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഓരോ ജില്ലയിലും ജില്ലാ കളക്ടർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ എന്നിവർ വേദികൾ തീരുമാനിക്കേണ്ടതും പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്.

9. ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ എന്നിവർ സർക്കാർ/എയ്ഡഡ്/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ എന്നീ ബന്ധപ്പെട്ടവരുടെ യോഗം ഡിസംബർ 20-ാം തീയതിയ്ക്കകം വിളിക്കുകയും വേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്യേണ്ടതാണ്.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവക്ക് കൈവശമുള്ള (പി.റ്റി.എ ഉൾപ്പെടെ) തുക ഈ പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചെലവഴിക്കുവാൻ അനുമതി **(Permissive sanction)** നൽകി ബന്ധപ്പെട്ട സെക്രട്ടറിമാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

11. പങ്കെടുക്കുന്നവർക്ക് ഓരോ തൊപ്പി നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന്റെ ഫണ്ട് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്.

12. പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ ഗതാഗത സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച എല്ലാനടപടികളും ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

'റൺ കേരള റൺ' പരിപാടിയുടെ ജില്ലാതല സംഘാടനം ഏകോപിപ്പിക്കുന്നതിനും ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുമായി താഴെ പറയുന്ന മന്ത്രിമാരെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | ശ്രീ.വി.എസ്.ശിവകുമാർ |
| കൊല്ലം | - | ശ്രീ.കെ.സി.ജോസഫ് |
| പത്തനംതിട്ട | - | ശ്രീ.അടൂർ പ്രകാശ് |
| ആലപ്പുഴ | - | ശ്രീ.രമേശ് ചെന്നിത്തല |
| കോട്ടയം | - | ശ്രീ.കെ.എം.മാണി |
| ഇടുക്കി | - | ശ്രീ.പി.ജെ.ജോസഫ് |
| എറണാകുളം | - | ശ്രീ.കെ.ബാബു |
| തൃശ്ശൂർ | - | ശ്രീ.സി.എൻ.ബാലകൃഷ്ണൻ |
| പാലക്കാട് | - | ശ്രീ.എ.പി.അനിൽകുമാർ |
| മലപ്പുറം | - | ശ്രീ.മഞ്ഞളാംകുഴി അലി |
| കോഴിക്കോട് | - | ഡോ.എം.കെ.മുനീർ |
| വയനാട് | - | കുമാരി പി.കെ.ജയലക്ഷ്മി |
| കണ്ണൂർ | - | ശ്രീ.കെ.പി.മോഹനൻ |
| കാസർഗോഡ് | - | ശ്രീ.അനൂപ് ജേക്കബ്ബ് |

'റൺ കേരള റൺ' പരിപാടിയുടെ വിജയകരമായ സംഘാടനത്തിനുള്ള തുടർ നടപടികൾ ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ - ഓർഡിനേറ്റർ, നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**എം.ശിവശങ്കർ**
**ഗവൺമെന്റ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)
ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ,
ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്.
ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (എല്ലാ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന വ്യാപക പ്രചരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: **മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.**
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
കായിക വകുപ്പുസെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ